സപ്ലൈ ചെയിൻ വിഭാഗം                                                  തീയതി:17.06.2019

# പരിപത്രം

വിഷയം : KMSCL-കീഴ്ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള ഇനങ്ങളുടെ Condemnation സംബന്ധിച്ച് :-

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന കീഴ്ഘടക സ്ഥാപനങ്ങളിൽ വിതരണം നടത്തിയിട്ടുള്ള NSQ/Blacklisted/freezed എന്ന ഗണത്തിൽപ്പെട്ടതും കാലാവധി കഴിഞ്ഞതുമായ ഇനങ്ങളാണ് സർക്കാർ ഉത്തരവ് (Rt)നം.1016/2019/H&FWD, തീയതി:-30.04.2019 പ്രകാരം Condemnation നടത്താൻ അനുമതി ലഭിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉടനടി രൂപീകരിക്കേണ്ടതും തുടർ പ്രവർത്തനങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

1. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന കീഴ്ഘടക സ്ഥാപനങ്ങളിൽ വിതരണം നടത്തിയ മരുന്നുകളിൽ NSQ/Blacklisted/freezed വിഭാഗങ്ങളിൽ ഉൾപ്പെട്ടതും എന്നാൽ 01.06.2019ന് മുൻപ് കാലഹരണപ്പെട്ടതുമായ മരുന്നുകളും അനുബന്ധ സമഗ്രികളുമാണ്. Condemnation-ന് വിധേയമാക്കേണ്ടത്.
2. Condemnation പ്രക്രിയയുടെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികൾ അതാത് സ്ഥാപനങ്ങളുടെ DDMS Institution Module-ൽ ചെയ്യേണ്ടതാണ്.
   a. സ്ഥാപനത്തിൽ KMSCL മുഖേന വിതരണം നടത്തിയ NSQ/Blacklisted/freezed എന്നീ വിഭാഗത്തിൽപ്പെട്ട ഇനങ്ങളുടെ എല്ലാ വിവരങ്ങളും DDMS സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള "Freezed/ Stopped items" റിപ്പോർട്ട് ആശുപത്രി അധികൃതർ ജനറേറ്റ് ചെയ്യുകയും തുടർന്ന് റിപ്പോർട്ടിൽ ലഭ്യമായിട്ടുള്ള മരുന്നുകൾ ഫിസിക്കൽ സ്റ്റോക്ക് മരുന്നുകളുമായി താരതമ്യം ചെയ്യേണ്ടതാണ്.
   b. DDMS PORTAL-ലിൽ വിവരങ്ങൾ ലഭ്യമല്ലാത്ത NSQ/Blacklisted/freezed എന്ന ഗണത്തിൽപ്പെട്ട Expired ആയവ സ്ഥാപനത്തിൽ ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത ഇനങ്ങൾ KMSCL മുഖേന വിതരണം നടത്തിയതിനും NSQ/Blacklisted/freezed ആയി declare ചെയ്തതിനും ആവശ്യമായ

അനുബന്ധ രേഖകൾ ഉള്ള പക്ഷം ടി ഇനത്തിനെ DDMS സോഫ്റ്റ് വെയറിലെ Stock Entry (NSQ/Blacklisted/freezed Items) എന്ന വിഭാഗത്തിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

c. Condemnation നടപടിക്ക് വിധേയമാക്കുന്ന ഇനങ്ങളുടെ DDMS PORTAL-ൽ ലഭ്യമായ Batch No, Name of Manufacturer, Manufacturing & Expiry date and quantity എന്നിവ സ്ഥാപനത്തിൽ ലഭ്യമായ ഇനങ്ങളുമായി താരതമ്യപ്പെടുത്തി ഉറപ്പു വരുത്തേണ്ടതാണ്.

3. DDMS Institution സോഫ്റ്റ് വെയറിൽ NSQ/Blacklisted/freezed എന്നീ വിഭാഗത്തിൽ നിന്നും ഉപയോഗ കാലാവധി കഴിഞ്ഞ ഇനങ്ങള് തെരഞ്ഞെടുത്ത് DDMS സോഫ്റ്റ് വെയറിലുള്ള Dead Stock എന്ന അക്കൗണ്ടിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.
4. സ്ഥാപനങ്ങളുടെ Dead Stock module- ല് ഉൾപ്പെട്ട ഇനങ്ങളുടെ പകർപ്പ് സോഫ്റ്റ് വെയറിൽനിന്നും എടുക്കുകയും അത് മേലധികാരി സാക്ഷ്യപ്പെടുത്തി ജില്ലാ സംഭരണാശാലാ മേധാവിക്ക് കൈമാറേണ്ടതുമാണ്:
5. സ്ഥാപന മേധാവി മുഖേന കീഴ്ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന Condemnation നടപടിക്ക് വിധേയമാക്കുന്ന Dead സ്റ്റോക്ക് ഇനങ്ങളുടെ പട്ടികയും (സാക്ഷ്യപ്പെടുത്തിയ പകർപ്പും, സോഫ്റ്റ് കോപ്പിയും) മറ്റു വിശദാംശങ്ങളും ജില്ലാ സംഭരണാശാലാ മേധാവി പരിശോധിക്കേണ്ടതാണ്.
6. പരിശോധനയിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.
   a. Condemnation നടപടിക്കു വേണ്ടി നിർദ്ദേശിക്കപ്പെട്ട ടി ഇനങ്ങളുടെ Batch No/Quantity എന്നിവ KMSCL മുഖേന കീഴ്ഘടക സ്ഥാപനങ്ങളിൽ വിതരണം നടത്തിയിട്ടുള്ളതാണെന്ന് ഉറപ്പു വരുത്തുക.
   b. ടി ഇനത്തിന്റെ Batch No/Quantity കോർപ്പറേഷൻ രേഖ പ്രകാരം NSQ/ Blacklisted/freezed ആയവ ആണെന്നും എന്നാൽ കാലാവധി കഴിഞ്ഞവയാണ് എന്നും ഉറപ്പു വരുത്തുക.
   c. ഇല്ലാത്ത പക്ഷം നിലവിലെ Condemnation പട്ടികയിൽ നിന്ന് പ്രസ്തുത ഇനത്തെ മാർക്ക് ചെയ്ത് ഒഴിവാക്കേണ്ടതാണ്.
   d. സൂക്ഷ്മ പരിശോധനക്ക് ശേഷം ലിസ്റ്റ് സംഭരണശാലാ മേധാവി Institution level Condemnation Committee-ക്ക് തിരികെ നൽകേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് സംഭരണശാലയിലും ഒരു പകർപ്പ് District

level Condemnation Committee-ക്ക് KFC ഫോമും ഫിസിക്കൽ സ്റ്റോക്കും ഒത്തു നോക്കുന്നതിലേയ്ക്കുമായി സൂക്ഷിക്കേണ്ടതാണ്.

7. സർക്കാർ ഉത്തരവ്(Rt)നം.1016/2019/H&FWD, തീയതി:-30.04.2019 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന അംഗങ്ങൾ ഉൾപ്പെട്ട Institution level Condemnation Committee സ്ഥാപനങ്ങളിൽ രൂപീകരിക്കുകയും, സംഭരണശാലാമേധാവി പരിശോധിച്ച് തിരികെ നൽകിയ പട്ടിക അനുസരിച്ച് താഴെപറയുന്ന നടപടികൾ ആശുപത്രിതലത്തിൽ സ്വീകരിക്കേണ്ടതുമാണ്.
   a. K.F.C ഫോം 21ന്റെ മാതൃക DDMS സോഫ്റ്റ് വെയറിന്റെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുണ്ട്.
   b. DDMS സോഫ്റ്റ് വെയറിൽ നിന്നും ഡൌൺലോഡ് ചെയ്ത K.F.C ഫോം 21-ൽ Condemnation നടപടിക്കു വേണ്ടി നിർദ്ദേശിക്കപ്പെട്ട ടി ഇനങ്ങളും അവയുടെ ആവശ്യമായ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതാണ്.
   c. Institution level Condemnation Committee യോഗം ചേരുകയും K.F.C ഫോം 21ൽ ഉൾപ്പെട്ടിരിക്കുന്ന ഇനങ്ങളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി കമ്മറ്റി യഥാവിധി സാക്ഷ്യപ്പെടുത്തി കമ്മിറ്റി ഉത്തരവിറക്കേണ്ടതാണ്.
   d. K.F.C ഫോം 21ന്റെ 5 എണ്ണവും (അസൽ), excel ഫോർമാറ്റിൽ CD-യിലാക്കിയതും കൂടാതെ Institution level Condemnation Committee നടപടിയുടെ പ്രോസീഡിംഗ്സ് എന്നിവ ജില്ലാതല Condemnation Committee-ക്ക് കൈമാറേണ്ടതാണ്.
   e. സംഭരണശാലയിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളുടെ ഫിസിക്കൽ സ്റ്റോക്ക് ആശുപത്രികളിൽ നിന്നും സംഭരണ ശാലയിലേയ്ക്ക് എത്തിക്കേണ്ടതാണ്.
   f. ആശുപത്രികളിൽ നിന്നും സംഭരണശാലയിലേയ്ക്ക് മാറ്റിയ ടി മരുന്നുകൾ District level Condemnation Committee, K.F.C ഫോമും മേൽ പരാമർശിച്ച പോയിന്റ് നം.6.(d)ൽ പ്രതിപാദിക്കുന്ന പട്ടികയുമായി അതാത് ആശുപത്രികളിലെ ഫിസിക്കൽ സ്റ്റോക്ക് താരതമ്യം ചെയ്യേണ്ടതാണ്.
   g. ഇപ്രകാരം ഉറപ്പു വരുത്തിയ ഇനങ്ങൾക്ക് District level Condemnation Committeeൽ നിന്ന് receipt നൽകുന്നതാണ്.

10. Condemnation നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് District level Condemnation Committee പ്രോസീഡിംഗ് പുറപ്പെടുവിക്കുന്നതും, അതാത് സ്ഥാപനങ്ങളെ അറിയിക്കുന്നതുമാണ്.

Condemnation പ്രക്രിയയുമായി ബന്ധപ്പെട്ട മേൽ നിർദ്ദേശങ്ങൾ അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

മാനേജിങ് ഡയറക്ടർ (ഐ/സി)